പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2879 15.02.2013-ൽ മറുപടിക്ക്.

## പൊതുവിദ്യാഭ്യാസ മേഖലയിലെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖല സാമ്പത്തിക പ്രതിസന്ധിയിലാണോ; | (എ) അല്ല |
| (ബി) ഇത്തരം ഒരു അവസ്ഥയ്ക്ക് കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) ബാധകമല്ല |
| (സി) സാമ്പത്തിക പ്രതിസന്ധി വകുപ്പിലെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നുണ്ടോ; | (സി) ഇല്ല |

(ഡി) കേന്ദ്രത്തിൽ നിന്നും മറ്റുമായി പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് ലഭിക്കുന്ന ഫണ്ടുകൾ പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇതിൽ വീഴ്ചയുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; ലഭിച്ച ഫണ്ടും, ചെലവഴിച്ച കണക്കും വെളിപ്പെടുത്തുമോ?

(ഡി) കേന്ദ്രത്തിൽ നിന്നും ലഭിച്ച ഫണ്ടുകൾ ചെലവഴിച്ചു വരികയാണ്. സാമ്പത്തിക വർഷം അവസാനത്തോട് കൂടി അവ പൂർണ്ണമായും ചെലവഴിക്കുവാൻ കഴിയും. ഇതിൽ വീഴ്ചയുള്ളതായി കണ്ടെത്തിയിട്ടില്ല. വിശദവിവരം അനുബന്ധം (1) ആയി ചേർക്കുന്നു.

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന് കേന്ദ്ര ഫണ്ടായി (പന്ത്രണ്ടാം ഫിനാൻസ് കമ്മീഷൻ അവാർഡ്) 2006-10 കാലഘട്ടത്തിൽ 62.76 കോടി രൂപ ലഭിക്കുകയുണ്ടായി ഇതിൽ 59.62 കോടി രൂപ വിനിയോഗി- ക്കുകയുണ്ടായി 3.04 കോടി രൂപ സറണ്ടർ ചെയ്യുകയുണ്ടായി.

എം.എച്ച്.ആർ.ഡി ൽ നിന്നും എൻ.സി.ഇ.ആർ.ടി വഴി എസ്.സി.ഇ.ആർ.ടിയിലേയ്ക്ക് പോപ്പുലേഷൻ എഡ്യൂക്കേഷൻ ഫണ്ട് 2011-12 ൽ ലഭിച്ച തുക 97417/ ഉം ചെലവായ തുക 86335/- രൂപയുമാണ്.

എസ്.എസ്.എയ്ക്ക് 2012-13 വർഷത്തിൽ കേന്ദ്രസർക്കാർ അനുവദിച്ച തുകയും ചെലവഴിച്ച തുകയും (31/12/2012 വരെ) സംബന്ധിച്ച വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. കേന്ദ്ര-ഫണ്ടുകൾ ചെലവഴിക്കുന്നതിൽ വീഴ്ചയുള്ളതായി കണ്ടെത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

<table>
<tr><th>നം</th><th>ഇനം</th><th>അനുവദിച്ച തുക (ലക്ഷത്തിൽ)</th><th>ചെലവ് (ലക്ഷത്തിൽ)</th></tr>
<tr><td>1</td><td>വിദ്യാഭ്യാസത്തിനും പരിശീലനത്തിനും ജില്ലാതല ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക</td><td>1778</td><td>256</td></tr>
<tr><td>2</td><td>വികലാംഗങ്ങൾക്കുള്ള ഏകീകൃത വിദ്യാഭ്യാസം</td><td>2662</td><td>881</td></tr>
<tr><td>3</td><td>ന്യൂനപക്ഷ വിഭാഗങ്ങളിലെ പ്രീമെട്രിക്ക് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്</td><td>5400</td><td>1249</td></tr>
<tr><td>4</td><td>മീൻസ് കം. മെരിറ്റ് സ്കോളർഷിപ്പ്</td><td colspan="2" rowspan="3">ചെലവഴിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു.</td></tr>
<tr><td>5</td><td>സെക്കന്ററി വിദ്യാഭ്യാസ, തലത്തിൽ വിദ്യാർത്ഥികൾക്കുള്ള ഇൻസെന്റീവ്</td></tr>
<tr><td>7</td><td>മദ്രസ വിദ്യാഭ്യാസം നവീകരിക്കാൻ</td></tr>
</table>

## അനുബന്ധം –2

### 2012-13 വർഷത്തിൽ കേന്ദ്രസർക്കാർ അനുവദിച്ച തുകയും ചെലവഴിച്ച തുകയും

(തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | ഇടപെടൽ മേഖല | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക |
|---|---|---|---|
| 1. | അധ്യാപകർക്കുള്ള ശമ്പളം | 3712.45 | 0.00 |
| 2. | അധ്യാപകഗ്രാന്റ് | 644.68 | 602.69 |
| 3. | ബി.ആർ.സി./യു.ആർ.സി. വഴിയുള്ള അക്കാദമികസഹായം | 4879.96 | 2762.45 |
| 4. | സി.ആർ.സി. വഴിയുള്ള അക്കാദമികസഹായം | 4657.95 | 1340.64 |
| 5. | അധ്യാപകപരിശീലനം | 4192.16 | 393.08 |
| 6. | എജ്യൂക്കേഷൻ ഗ്യാരന്റി സ്കീം/ആൾട്ടർനേറ്റീവ് ഇന്നവേറ്റീവ് എജ്യൂക്കേഷൻ | 0.00 | 0.00 |
| 7. | സൗജന്യപാഠപുസ്തകങ്ങൾ | 5501.56 | 2417.69 |
| 8. | യൂണിഫോം | 3751.60 | 2950.22 |
| 9. | സംയോജിത വിദ്യാഭ്യാസ പരിപാടി (ഐ.ഇ.ഡി.സി.) | 3445.97 | 1441.33 |
| 10. | സിവിൽ വർക്സ് (സ്പിൽ ഓവർ ഉൾപ്പെടെ) | 15099.12 | 8782.35 |
| 11. | പഠനബോധനസാമഗ്രികൾ | 0.00 | 0.00 |
| 12. | സ്കൂൾ മെയിന്റനൻസ് ഗ്രാന്റ് | 436.73 | 417.69 |
| 13. | സ്കൂൾ ഗ്രാന്റ് | 809.05 | 802.73 |
| 14. | **ഗവേഷണവും മൂല്യനിർണയവും** | 157.21 | 42.86 |
| | മാനേജ്മെന്റ് കോസ്റ്റ് (ജില്ല) | 1670.99 | 1041.11 |
| | പഠനബോധനപരിപാടി | 825.60 | 210.76 |
| | സാമൂഹ്യപങ്കാളിത്തം | 235.12 | 151.88 |
| 15. | **നൂതന പ്രവർത്തനങ്ങൾ** | | |
| | കമ്പ്യൂട്ടർ പഠനത്തെ സഹായിക്കൽ | 700.00 | 29.38 |
| | പെൺകുട്ടികളുടെ വിദ്യാഭ്യാസം | 192.92 | 35.41 |
| | ആദ്യകാല ശിശു വിദ്യാഭ്യാസം (ഇ.സി.സി.ഇ.) | 98.90 | 35.57 |
| | എസ്.സി./എസ്.ടി. കുട്ടികൾക്കായുള്ള വിദ്യാഭ്യാസം | 69.72 | 17.55 |
| | ന്യൂനപക്ഷസമുദായത്തിലുള്ള കുട്ടികൾക്കായുള്ള വിദ്യാഭ്യാസം | 75.74 | 9.76 |
| 16. | സാമൂഹ്യ പരിശീലനം | 707.90 | 176.81 |
| 17. | മറ്റുള്ളവ | | 0.00 |
| 18. | സംസ്ഥാന പ്രോജക്ട് ഓഫീസ് | 436.46 | 261.21 |
| | **ആകെ** | **52301.78** | **23923.17** |